# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1321** — **11.02.2016-ൽ മറുപടിക്ക്**

## കോർ റോഡ് നെറ്റ് വർക്ക് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.അൻവർ സാദത്ത്**<br>**,, പി.എ.മാധവൻ,**<br>**,,എ.പി.അബ്ദുള്ളക്കുട്ടി**<br>**,, ബെന്നി ബെഹനാൻ** | ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി |
| (എ) കോർ റോഡ് നെറ്റ്‌വർക്ക് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) കെ.എസ്.ടി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിലെ തന്ത്രപ്രധാനമായ സ്ഥലങ്ങളെ കോർത്തിണക്കികൊണ്ടുള്ള ഒരു റോഡ് ശൃംഖല നടപ്പിലാക്കുവാൻ പദ്ധതിയുണ്ട്. കേരളത്തിന്റെ സാമൂഹ്യ, സാമ്പത്തിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലുള്ള തന്ത്രപ്രധാനമായ സ്ഥലങ്ങളെ കോർത്തിണക്കി കൊണ്ടുള്ള ഒരു റോഡ് ശൃംഖലയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. പത്ത് വർഷം കൊണ്ട് പൂർത്തീകരിക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) തിരഞ്ഞെടുക്കുന്ന റോഡുകൾ പ്രത്യേകമായി വികസിപ്പിച്ച് അവ മേന്മയേറിയ രീതിയിൽ പരിപാലിക്കുവാനുമാണ് ഉദ്ദേശം. |
| (സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (സി) നാല് പാക്കേജുകളായിട്ടാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതിൽ ആദ്യത്തെ പാക്കേജിന്റെ പ്രവർത്തനം തുടങ്ങാനായി ഒരു ക്ലൈയന്റ് സ്പോൺസറെ നിയമിച്ചിട്ടുണ്ട്. മറ്റ് മൂന്ന് പാക്കേജുകൾ നടപ്പിലാക്കാനായി കൺസൾട്ടന്റ്മാരുടെ ചുരുക്കപ്പട്ടിക തയ്യാറാക്കിയിട്ടുണ്ട്. തുടർ നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിനുവേണ്ടിവരുന്ന സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തുന്നതിനും ഇതിന്റെ ചുമതല വഹിക്കാൻ ഒരു പ്രത്യേക സംവിധാനം രൂപീകരിക്കുവാനും ഉദ്ദേശമുണ്ട്. |

സെക്ഷൻ ഓഫീസർ